➪ സമരം കൂടുതൽ വ്യാപ്തികളിലേക്ക് ബഹിർഗമിക്കുകയാണ് ➪

# കാതിക്കുടം: സങ്കീർണ്ണ പ്രശ്നങ്ങളും നിർണ്ണായക സമരവും

ജനാധിപത്യത്തെ വെല്ലുവിളിക്കുന്ന കമ്പനിയുടെ ദുഃസ്വാധീനങ്ങൾ, കുറ്റകൃത്യങ്ങളെ മറച്ചുവയ്ക്കുന്ന അവിഹിതവൃത്തികൾ, വിദഗ്ധ സ്ഥാപനങ്ങളെ വരുതിയിലാക്കൽ, നിയമങ്ങൾ ദുർവ്യാഖ്യാനിക്കൽ, പണമിടപാടുകൾ, ചാരിറ്റി തട്ടിപ്പുകൾ...ഒപ്പം ട്രേഡ് യൂണിയൻ പ്രതിരോധവും. ഏറെ സങ്കീർണ്ണതകളിലൂടെ കാതിക്കുടം മുന്നോട്ട് പോകുന്നു.

**കേരളീയം വാർത്താശൃംഖല**

**പോലീസ്** ലാത്തിയുടെ ആക്രോശങ്ങളെ അതിജീവനത്തിന്റെ അടങ്ങാത്ത സമരാവേശം കൊണ്ട് തടുത്ത കാതിക്കുടം വിഷവ്യവസായ വിരുദ്ധ പോരാട്ടം, രാസമാലിന്യങ്ങളുടെ അനാരോഗ്യ സാന്നിധ്യത്തിന് അന്തിമമായ അറുതിയുണ്ടാക്കാനുള്ള സമരാലോചനകൾ തുടരുകയാണ്. കെമിക്കൽ കമ്പനി 30 വർഷംകൊണ്ട് തുടച്ചെടുത്ത ജീവസാന്നിദ്ധ്യങ്ങൾ തിരികെയെത്തുമെന്നും പുഴയും കാറ്റുമെല്ലാം പഴയപോലെ ഒഴുകുമെന്നും കൂടുതൽ ആത്മവിശ്വാസത്തോടെ ഇന്നവർ പ്രതീക്ഷിക്കുന്നുണ്ടെന്നാണ് നാട്ടുവർത്തമാനങ്ങളിൽ വെളിപ്പെടുന്നത്. ഒരുകാലത്ത് നാട്ടുകാരുടെ മാത്രമായിരുന്ന സമരത്തിലേക്ക് കാലാകാലങ്ങളായി എത്തിക്കൊണ്ടിരിക്കുന്ന പിന്തുണകൾ കാതിക്കുടം പ്രശ്നത്തെ ജൈവസമൂഹങ്ങളുടെയെല്ലാം നിലനിൽപ്പുമായി ബന്ധപ്പെട്ട വിഷയമായി വികസിപ്പിച്ചതോടെ സമരം കൂടുതൽ വ്യാപ്തികളിലേക്ക് ബഹിർഗമിക്കുകയാണ്. മനുഷ്യനെയും പരിസ്ഥിതിയേയും ലാഭം ലക്ഷ്യമാക്കുന്നതിനുള്ള ഉപാധികൾ മാത്രമായി പരിഗണിക്കുന്ന മൂലധനാധിഷ്ഠിത വികസനത്തിന്റെയും മുതലാളിത്ത ഉത്പാദന സമ്പ്രദായത്തിന്റെയും ആധിപത്യത്തെ ചേദ്യം ചെയ്യാനുള്ള രാഷ്ട്രീയ ഭൂമികകൂടിയായി മാറിയിരിക്കുന്നു കാതിക്കുടം.

വികസനത്തെക്കുറിച്ച് ഏറെ ആകുലപ്പെടുന്ന, വ്യവസായ വിരുദ്ധ സമരങ്ങൾ വളർച്ചയെ മുരടിപ്പിക്കുമോ എന്ന് നെറ്റിചുളിക്കുന്ന അഭിവൃത്തിയുടെ വക്താക്കൾക്ക് ഉത്തരം മുട്ടുന്ന വ്യക്തമായ ചോദ്യങ്ങൾ ഇന്ന് കാതിക്കുടത്ത് നിന്നും ഉയരുന്നുണ്ട്. അതിനോട് വസ്തുതാപരമായി ഏറ്റുമുട്ടാനാകാതെ സംവാദസ്ഥലികളിൽ നിന്നും കടന്നുകളയുകയാണ് ഭരണകൂടവും അതിന്റെ വികസന കാര്യസ്ഥന്മാരും. കാതിക്കുടത്തിന്റെ ചോദ്യത്തിനുള്ള ന്യായമായ ഉത്തരത്തെ വികസനവാദത്തിന് പരിക്കേൽക്കാത്ത ഒരു സുരക്ഷിത ബിന്ദുവിൽ തളയ്ക്കാനുള്ള ശ്രമമാണ് പകരം അവർ നടത്തുന്നത്. കുപ്രചരണങ്ങളും ബോധപൂർവ്വം സൃഷ്ടിച്ചെടുത്ത ചില സാമൂഹിക മുൻധാരണകളുമാണ് അതിന്റെ മൂലധനം. മൂലധനകേന്ദ്രീകര

ണത്തിനെതിരെയുള്ള അദ്ധ്വാനവർഗ്ഗസമരങ്ങളിലൂടെ രൂപപ്പെട്ട തൊഴിലാളി പ്രസ്ഥാനങ്ങളുടെ പിന്മുറക്കാരാണ് കാതിക്കുടത്തെ കോർപ്പറേറ്റ് നുണകളുടെ കുഴലൂത്തുകാർ എന്നതാണ് വലിയ വൈരുദ്ധ്യം. പൊതുവായ സാമ്പത്തിക ബന്ധങ്ങൾ പങ്കുവയ്ക്കുന്ന വിഭാഗങ്ങൾ, പൊതുവായിട്ടുള്ള വർഗ്ഗ താത്പര്യങ്ങളെ പറ്റി അവബോധിതരാകുമെന്നും, വർഗ്ഗ ലക്ഷ്യങ്ങൾ നേടാൻ വേണ്ടി ഐക്യപ്പെടുമെന്നും വിശ്വസിക്കുന്ന പ്രത്യശാസ്ത്രത്തിന്റെ അടിത്തറയുള്ള ട്രേഡ് യൂണിയനുകൾ ഒരു ചർച്ചയ്ക്ക് പോലും തയ്യാറാകാതെ മുതലാളിയുടെ പാദസേവകരാകുന്ന കാഴ്ച കാതിക്കുടത്തും ആവർത്തിക്കപ്പെടുന്നു. തങ്ങളും കോർപ്പറേറ്റ് വികസനത്തിന്റെ ഇരകളാണെന്നും ചൂഷകർക്കെതിരെയുള്ള പാരിസ്ഥിതിക ദുരന്തം പേറുന്നവരുടെ സമരങ്ങളോട് ഐക്യപ്പെടാൻ ബാധ്യസ്ഥരാണെന്നും മറന്നുപോകുന്ന തരത്തിൽ അവരുടെ പ്രത്യശാസ്ത്ര പിന്തുടർച്ചകളെ വിദഗ്ധമായി തുടച്ചുമാറ്റുന്നതിൽ എൻ.ജി.ഐ.എൽ കമ്പനിയും വിജയിച്ചിരിക്കുന്നു. അവർ ഭിന്നിപ്പിച്ച് ഭരിക്കുന്നു. സമാനരായ വർഗ്ഗ വിഭാഗങ്ങളെക്കൊണ്ട് പരസ്പരം പോരടിപ്പിക്കുന്നു. ന്യായമായ വിഹിതം കിട്ടിയാൽ ജപ്പാനിലെ മുതലാളിക്ക് അനിഹിതമായതൊന്നും അരുൾ ചെയ്യില്ലെന്ന് 'സ്വന്തം വിധേയർ' സ്പഷ്ടമായി സമർത്ഥിക്കുന്നു.

മാനിഫെസ്റ്റോകൾ രചിക്കപ്പെട്ട കാലത്ത് നിന്നും വ്യത്യസ്തമായി, മുതലാളി ലാഭം കൂട്ടുന്നതിനായി ഇന്ന് കൂലി കുറയ്ക്കുകയോ അധ്വാനത്തെ ചൂഷണം ചെയ്യുകയോ ചെയ്യുന്നില്ല. കുറഞ്ഞ അധ്വാനത്തിന് പരമാവധി കൂലി നൽകിക്കൊണ്ട് വിഭവചൂഷണം നടത്തുന്നതിന് തൊഴിലാളികളുമായി അവർ കൈകോർക്കുന്നു. മുതലാളിമാർ അക്കാര്യത്തിൽ എത്രയോ ഉദാരന്മാരാണ് എന്നതിന് വ്യക്തമായ ഉദാഹരണമാണ് എൻ.ജി.ഐ.എൽ. അവർ ലാഭം കണ്ടെത്തുന്നത് വിഭവങ്ങളുടെ അനിയന്ത്രിത ചൂഷണത്തിൽ നിന്നാണ്. ലാഭത്തിന്റെ പങ്കുപറ്റുന്ന ട്രേഡ് യൂണിയൻ മുതലാളിത്തവും കോർപ്പറേറ്റ് ആധിപത്യവും ചേർന്നു നടത്തുന്ന ജനവിരുദ്ധ വാഴ്ചയെയാണ് കാതിക്കുടത്തുകാർക്ക് ഇന്ന് ചെറുക്കേണ്ടിവരുന്നത്. തൊഴിലാളികളെ മാന്യമായി പുനരധിവസിപ്പിക്കാതെ ഒരു കമ്പനിക്കും രക്ഷപ്പെടാൻ കഴിയുന്ന സാഹചര്യമില്ലെന്നിരിക്കെ, സമരം തങ്ങൾക്കെതിരാണെന്ന അടഞ്ഞസമീപനത്താൽ ചർച്ചകളെയെല്ലാം റദ്ദുചെയ്തുകൊണ്ട് അവർ കമ്പനി മാനേജ്മെന്റിനോട് കൂറുകാട്ടുന്നു.

പ്രകൃതിവിഭവങ്ങളും മനുഷ്യാധ്വാന ശേഷിയും ചരക്കുകൾ മാത്രമായി പരിഗണിക്കേണ്ടവയാണെന്ന വികസനധാരണകൾക്കുള്ളിൽ നിന്നുകൊണ്ട് കാതിക്കുടം സമരത്തിന് പരിഹാരം കാണാനുള്ള ശ്രമങ്ങൾ ഭരണ-പ്രതിപക്ഷ ഭേദമന്യേ സജീവമാകുന്നതിന്റെ സൂചനകൾ രാഷ്ട്രീയ നേതൃത്വങ്ങളുടെ വാക്കുകളിൽ നിഴലിക്കുന്നുണ്ട്. അതിന്റെ അലയൊലികൾ കാതിക്കുടത്തും കേൾക്കാം. ആ ധാരണയ്ക്കുള്ളിൽ നിന്നുകൊണ്ട് അന്വേഷിക്കുന്ന ഏത് പരിഹാരത്തിനും സമരത്തെ നീതിപൂർവ്വം ഉപസംഹരിക്കാൻ സാധ്യമല്ല എന്നതുകൊണ്ടാണ് കാതിക്കുടത്തെ പ്രശ്നപരിഹാര ചർച്ചകൾ മോണിറ്ററിംഗ് കമ്മിറ്റികളും വിദഗ്ധ സമിതികളുമായി പിന്നെയും നീണ്ടുപോകുന്നത്. ജനാധിപത്യപ്രക്രിയയിലെ പല നടപ്പുദീനങ്ങളോടും സമരസപ്പെടുമ്പോൾ തന്നെ, എതിർപ്പുകൾ ഫലപ്രദമായി നിർമ്മിച്ചുകൊണ്ട് അതിനെ മാറ്റിപ്പണിയുന്നതിനുള്ള ശ്രമങ്ങൾ കൂടിയാണ് ജനകീയ സമരങ്ങൾ. കാതിക്കുടത്തിന്റെ സമരശ്രമവും ലക്ഷ്യമാകുന്നത് അതുതന്നെയാണ്. കമ്പനി ബോംബിട്ട് തകർക്കണമെങ്കിൽ അത് പണ്ടേ ആകാമായിരുന്നു. എന്നാൽ, വികസനവരേണ്യരുടെ അപ്രമാദിത്വം നിലനിൽക്കുമ്പോഴും ജനാധിപത്യത്തിൽ ജനങ്ങൾക്ക് ശക്തിയുണ്ടെന്ന് തെളിച്ചുകൊണ്ടാണ് കാതിക്കുടം സമരം മുന്നോട്ട്പോകുന്നത്. സൈനീകഭരണകൂടത്തിന്റെ അധികാരലാത്തികൾക്ക് പോലും ഒറ്റ ദിവസത്തെ അട്ടഹാസത്തിന് ശേഷം നിശബ്ദതയിലേക്ക് നിപതിക്കേണ്ടി വന്നതും അക്കാരണത്താൽ തന്നെ.

ഹിതകരമായ രീതിയിൽ അധികാരഭാഷയെ മാറ്റിത്തീർത്ത മുഖ്യധാരാ ബഹുജനപ്രസ്ഥാനങ്ങൾ സമൂഹത്തിലേക്ക് കാരുണ്യം വകഞ്ഞൊഴുക്കി തങ്ങളാണ് കരണീയമെന്ന തോന്നലിൽ ജനങ്ങളെ തളച്ചിട്ടിട്ടുണ്ട്. ഈ സന്ദേഹത്തിന്റെ തടവറയിൽ നിന്നും കാതിക്കുടവും പൂർണ്ണമായും മുക്തമല്ല. അധികാര-വിഭവ ശേഷികൊണ്ട് നേടുന്ന കാര്യസാധ്യങ്ങളായി ജനാധിപത്യപ്രക്രിയയെ വക്രീകരിച്ച മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളുടെ വലയങ്ങളെ മറികടക്കാൻ ജനാധികാരത്തിന് ശേഷിയുണ്ടെന്ന ബോധ്യത്തിലേക്ക് കാതിക്കുടം ഇനിയുമേറെ മുന്നോട്ട് പോകേണ്ടതുണ്ട്. എക്കാലവും ഈ മാലിന്യം ഭക്ഷിക്കാൻ ജനം തയ്യാറാകില്ല എന്നതിനാൽ അത് സംഭവിക്കുകതന്നെ ചെയ്യും. മലിനീകരണമില്ലാതെ കമ്പനിക്ക് പ്രവർത്തിക്കാൻ കഴിയില്ലെന്ന നിഗമനത്തിലേക്ക് നയിക്കുന്ന

⇨ സമരങ്ങൾ രൂപപ്പെടുന്നത് ഇത്ര വിശാലമായ പരിസരത്തെ അഭിസംബോധന ചെയ്തുകൊണ്ടാകണമെന്നില്ല ⇨



തെളിവുകളും അനുഭവങ്ങളും കാതിക്കുടത്ത് ഇന്ന് ആവോളമുണ്ട്. മലിനീകരണമുണ്ടെന്നും അത് പൂർണ്ണമായും ഒഴിവാക്കാനാകില്ലെന്നും കമ്പനി തന്നെ സമ്മതിക്കുന്നുമുണ്ട്. അതിനാൽത്തന്നെ, സമരലക്ഷ്യത്തെക്കുറിച്ച് മനോവിഭ്രമം വേണ്ടതില്ല. അധികാരവും പണവും ധാർഷ്ട്യവും കൊണ്ട് കാര്യങ്ങൾ തീരുമാനിക്കപ്പെടുന്ന വ്യവസ്ഥ ഏതൊരു സമൂഹത്തിനും അനുഗുണമല്ല. മലിനീകരണം ഒഴിവാക്കാനാകില്ലെന്ന് പറയുന്ന ഒരു കമ്പനിക്ക് പോലീസ് സുരക്ഷയോടെ പ്രവർത്തനാനുമതി നൽകുന്ന ഭരണകൂടവും കോടതിയും ഒരു ജനതയ്ക്കും ഹിതകരവുമല്ല. ഈ സമീപനം ഉള്ളിൽവച്ചുകൊണ്ട് കമ്പനി കാതിക്കുടത്ത് നിന്നും പിൻമാറാൻ തീരുമാനിച്ചാൽ മറ്റൊരു ജനതയ്ക്കും ഇതേ ദുരിതങ്ങൾ ഏറ്റെടുക്കേണ്ടിവരും. അതുകൂടി അസാധ്യമാക്കുന്ന തരത്തിലുള്ള ഒരു പരിഹാരമാണ് കേരളത്തിന്റെ പൊതുസമൂഹത്തിന് കാതിക്കുടത്തിന് നൽകാൻ കഴിയുന്നത്. കാരണം പരിസ്ഥിതിയോടും പാരിസ്ഥിതിക ദുരന്തത്തിന്റെ ഇരകളോടുമുള്ള ഈ സമീപനം ഭരണകൂടങ്ങളുടെ ബുദ്ധിശൂന്യതയോ വൈകൃതമോ അല്ല. നിശ്ചയിക്കപ്പെട്ട റോളുകളുടെ ഭംഗിയായ നിർവ്വഹണം മാത്രമാണത്. മലിനീകരണമുണ്ടാക്കുന്ന വ്യവസായങ്ങളെല്ലാം ഇന്ത്യയെപ്പോലുള്ള മൂന്നാംലോക രാജ്യങ്ങളിലേക്ക് പറിച്ചുമാറ്റാൻ വൻശക്തികൾ പണ്ടേ തീരുമാനിച്ചതാണ്. 1991ൽ ലോകബാങ്കിന്റെ മുഖ്യസാമ്പത്തിക ശാസ്ത്രജ്ഞനായിരുന്ന ലോറൻസ് സമ്മേഴ്സ് സഹപ്രവർത്തകർക്കെഴുതിയ കത്ത് അതിന്റെ വ്യക്തമായ സൂചന ലോകത്തോട് വിളിച്ചുപറഞ്ഞ ഒന്നാണ്. അതിലെ ചില പ്രസക്തഭാഗങ്ങൾ 'അവർ മാലിന്യം ഭക്ഷിക്കട്ടെ' എന്ന തലക്കെട്ടോടെ എക്കണോമിസ്റ്റ് വീക്കിലി പിന്നീട് പുറത്തുവിട്ടു. ആരോഗ്യത്തിന് ഹാനീകരമായ വ്യവസായങ്ങൾ അവികസിത രാജ്യങ്ങളിലേക്ക് മാറ്റുകയാണെങ്കിൽ മലിനീകരണം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളുടെ ചിലവ് കുറയ്ക്കാമെന്നായിരുന്നു സമ്മേഴ്സ് സുഹൃത്തുക്കളോട് പങ്കുവച്ച് സാമ്പത്തിക യുക്തി. സമ്മേഴ്സ് വഴിയാണെങ്കിലും അല്ലെങ്കിലും ആ യുക്തി തന്നെയാണ് ഇന്ന് ലോകം ഭരിക്കുന്നത്. വികസിതരാജ്യങ്ങളുടെ ലാഭത്തിനായി മലിനീകൃത വ്യവസായങ്ങളെ ശിരസ്സാവഹിക്കുന്നവരായി മാറി നമ്മുടെ 'അവികസിത' സർക്കാറുകൾ. സമരങ്ങൾ രൂപപ്പെടുന്നത് ഇത്ര വിശാലമായ പരിസരത്തെ അഭിസംബോധന ചെയ്തുകൊണ്ടാകണമെന്നില്ല. നേരിട്ടുള്ള അനുഭവങ്ങളുടെ ഒരു സമാഹരണമാകാം അതിന്റെ സൃഷ്ടി. എന്നാൽ ഇത്തരമൊരു വിശാല രാഷ്ട്രീയ തലത്തിലേക്ക് സമരങ്ങൾ വികസിക്കേണ്ടതുണ്ട് എന്നതിന്റെ അനിവാര്യതകളും കാതിക്കുടത്ത് തന്നെ ധാരളമാണ്.

വ്യാപകമായ ആരോഗ്യപ്രശ്നങ്ങൾ, ക്യാൻസർ മരണങ്ങൾ, അതിരൂക്ഷമായ ദുർഗന്ധം, ചാലക്കുടിപ്പുഴ മലിനീകരണം, മത്സ്യങ്ങളുടെ കൂട്ടക്കുരുതികൾ, മാലിന്യം പരന്നൊഴുകിയ കൃഷിഭൂമികളുടെ നാശം, ഖരമാലിന്യങ്ങളിലെ ഘനലോഹ സാന്നിധ്യം, പോലീസ് പീഡനങ്ങൾ, കള്ളക്കേസുകൾ, ഗുണ്ടാ ആക്രമണങ്ങൾ എന്നിങ്ങനെ നീളുന്നു പ്രത്യക്ഷമായ ദുരനുഭവങ്ങൾ. എന്നാൽ ജനാധിപത്യ വ്യവസ്ഥയെ വെല്ലുവിളിക്കുന്ന കമ്പനിയുടെ ദുഃസ്വാധീനങ്ങളും കുറ്റകൃത്യങ്ങളെ മറച്ചുവയ്ക്കുന്ന അവിഹിതവൃത്തികളും വിദഗ്ധ സ്ഥാപനങ്ങളെ വിലയ്ക്കെടു

⇨ കമ്പനിയുമായുള്ള കാര്യകാരണ ബന്ധം തെളിയിക്കുന്ന തെളിവുകൾ അവിടെയും ലഭ്യമായിരുന്നു ⇨

ക്കലും നിയമങ്ങളുടെ ദുർവ്യാഖ്യാനങ്ങളും പണമിടപാടുകളും ചാരിറ്റി തട്ടിപ്പുകളും കാതിക്കുടത്ത് കൂടുതൽ ദൃശ്യമാക്കേണ്ടതുണ്ട്. അതിനൊപ്പം രാഷ്ട്രീയ പാർട്ടികളുടെ കോർപ്പറേറ്റ് വിധേയത്വം തനിയെ കാഴ്ച്ചപ്പെടുമെന്ന് തന്നെ കരുതാം.

**വിദഗ്ധ സ്ഥാപനങ്ങൾ/സമിതികൾ**

ജനങ്ങളെ നിഷ്പക്ഷമായി സഹായിക്കാൻ വേണ്ടിയുള്ള ശാസ്ത്രീയ അറിവുകൾ നൽകുന്നതിനാണ് ജനാധിപത്യത്തിൽ വിദഗ്ധ സ്ഥാപനങ്ങൾ നിർമ്മിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ സമാനമായ മറ്റ് പല പ്രശ്നങ്ങളിലും കണ്ടിട്ടുള്ളതുപോലെ കമ്പനിയോട് പക്ഷപാതിത്വപരമായ സമീപനം വിദഗ്ധ സ്ഥാപനങ്ങൾ സ്വീകരിക്കുന്നതായാണ് ഇവിടെയും കാണാൻ കഴിയുന്നത്. മലിനീകരണ നിയന്ത്രണ ബോർഡും സി.ഡബ്ല്യു.ആർ.ഡി.എമ്മും (സെന്റർ ഫോർ വാട്ടർ റിസോഴ്സ് മാനേജ്മെന്റ് ആന്റ് ഡവലപ്മെന്റ്), കേരള കാർഷിക സർവ്വകലാശാലയുമെല്ലാം പലപ്പോഴായി നടത്തിയ പഠനങ്ങളിൽ വസ്തുതാപരമായ പിഴവുകളുണ്ടെന്ന് സ്വതന്ത്ര ഗവേഷകർ ചൂണ്ടിക്കാണിക്കുന്നു. അതീവ ഗുരുതരമായ രാസവസ്തുകൾ ഉപയോഗിക്കുന്ന കമ്പനിക്ക് വേണ്ടത്ര സുരക്ഷാ മുൻകരുതലുകൾ ഉണ്ടോ എന്ന് ഉറപ്പുവരുത്താതെയാണ് അനുമതികൾ നൽകിയിരിക്കുന്നതെന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നു. മുപ്പത് വലിയ, പഴകിയ ടാങ്കുകളിലായി 970 ടൺ ഹൈഡ്രോക്ലോറിക്ക് ആസിഡ് കമ്പനിക്കുള്ളിൽ സൂക്ഷിക്കുന്നുണ്ട്. ഇതിന് പ്രത്യേകിച്ച് സുരക്ഷാ മാനദണ്ഡങ്ങളൊന്നും പാലിച്ചിട്ടില്ലെന്ന് 'ജനനീതി'യുടെ പഠനം (2010) വ്യക്തമാക്കുന്നു. കമ്പനി മാലിന്യ സംസ്കരണത്തിനായി ഉപയോഗിക്കുന്ന സംവിധാനങ്ങൾ കാലഹരണപ്പെട്ടതാണെന്നും 2010ൽ നടത്തിയ അതേ പഠനത്തിൽ 'ജനനീതി'യുടെ ടീം കണ്ടെത്തിയിട്ടുണ്ട്. കാർഷിക സർവ്വകലാശാല അടക്കമുള്ള സ്ഥാപനങ്ങൾക്ക് തെറ്റായ വിവരങ്ങൾ നൽകി അനുകൂല റിപ്പോർട്ട് സമ്പാദിച്ച കാര്യവും അവർ അന്ന് കണ്ടെത്തിയിരുന്നു. ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ പ്രകാരം ലഭിക്കേണ്ട അനുമതികളൊന്നുമില്ലാതെയാണ് കമ്പനി അവരുടെ ഖരമാലിന്യം വളമാണെന്ന പേരിൽ സ്വകാര്യ ഏജൻസികൾക്കും കർഷകർക്കും നേരിട്ട് വിൽക്കുന്നത്. ഈ ഖരമാലിന്യത്തിൽ ഘനലോഹങ്ങളുടെ വലിയതോതിലുള്ള സാന്നിധ്യം പല പഠനങ്ങളിലും കണ്ടെത്തിയിട്ടുണ്ട്. ഇതേ മാലിന്യം വർഷങ്ങളായി കമ്പനിക്കുള്ളിൽ കുഴിച്ചിടുന്നുമുണ്ട്.

ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ പ്രകാരം ലഭിക്കേണ്ട അനുമതികളൊന്നുമില്ലാതെയാണ് കമ്പനി അവരുടെ ഖരമാലിന്യം വളമാണെന്ന പേരിൽ സ്വകാര്യ ഏജൻസികൾക്കും കർഷകർക്കും നേരിട്ട് വിൽക്കുന്നത്. ഈ ഖരമാലിന്യത്തിൽ ഘനലോഹങ്ങളുടെ വലിയതോതിലുള്ള സാന്നിധ്യം പല പഠനങ്ങളിലും കണ്ടെത്തിയിട്ടുണ്ട്. ഇതേ മാലിന്യം വർഷങ്ങളായി കമ്പനിക്കുള്ളിൽ കുഴിച്ചിടുന്നുമുണ്ട്.

അപകടകരമായ സൂക്ഷ്മജീവികളുടെ സാന്നിധ്യമുണ്ടാകാൻ സാധ്യതയുള്ളതാണ് കമ്പനി ഉപയോഗിക്കുന്ന എല്ല്. ഇത്തരം സൂക്ഷമജീവികൾ ആന്ത്രാക്സ് ഉൾപ്പെടെയുള്ള, ചികിത്സപോലും കണ്ടെത്തിയിട്ടില്ലാത്ത രോഗങ്ങളുണ്ടാക്കാൻ കാരണമാകുമെന്നും അമേരിക്കയിലെ ഒരു ജലാറ്റിൻ കമ്പനിയിൽ അത്തരമൊരു സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും സ്വതന്ത്ര ഗവേഷകനായ വി.ടി. പദ്മനാഭൻ പറയുന്നു. പുഴയിലേക്ക് കമ്പനി ഒഴുക്കുന്ന നിർഗമജലത്തിൽ ഓക്സിജന്റെ അളവ് കുറവാണെന്നും ഉയർന്ന ക്ഷാരത്വമുണ്ടെന്നും രാസമാലിന്യങ്ങളുടെ സാന്നിധ്യമുണ്ടെന്നും പല ഒറ്റപ്പെട്ട പഠനങ്ങളും കണ്ടെത്തിയിട്ടുണ്ട്. പല കാലങ്ങളിൽ റിപ്പോർട്ട് ചെയ്പ്പെട്ട കൂട്ട മത്സ്യക്കുരുതികൾക്ക് വെള്ളത്തിലെ ഓക്സിജന്റെ അളവ് കുറഞ്ഞത് കാരണമായി കണ്ടെത്തിയിട്ടുണ്ട്. കമ്പനിയുമായുള്ള കാര്യകാരണ ബന്ധം തെളിയിക്കുന്ന തെളിവുകൾ അവിടെയും ലഭ്യമായിരുന്നു. എന്നാൽ സർക്കാർ നിയോഗിച്ച സമിതികൾക്കും മലിനീകരണ നിയന്ത്രണ ബോർഡിനും അക്കാര്യത്തിൽ ഇനിയും വ്യക്തതയിലെത്താൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തും ജനങ്ങളും നിരവധി പരാതികളുന്നയിച്ചിട്ടും, അന്തിമസമരം പ്രഖ്യാപിക്കപ്പെട്ടിട്ടും അതൊന്നും വിലയ്ക്കെടുക്കാതെയാണ് സമരം ശക്തമായി നടക്കുന്നതിനിടയിൽ, 2013 ജൂൺ 20ന് മലിനീകരണ നിയന്ത്രണ ബോർഡ് കമ്പനിക്കുള്ള പ്രവർത്തനാനുമതി രണ്ട് വർഷത്തേക്ക് നീട്ടിക്കൊടുത്തത്.

ഒടുവിലായി തൃശൂർ ജില്ലാ കള്കടറുടെ ആഭിമുഖ്യത്തിൽ 2013 ജൂലായ് 9ന് രൂപീകരിച്ച വിദഗ്ധ സമിതിയും അവരുടെ പഠന

റിപ്പോർട്ട് സമർപ്പിച്ചു. സമരം അതിരൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ രൂപീകരിക്കപ്പെട്ട സമിതി ഒരുതരത്തിലും പരിഹാരങ്ങൾ തിരയാൻ കഴിയുന്ന തരത്തിലുള്ള പഠനമല്ല കാതിക്കുടത്ത് നടത്തിയത്. സാമ്പിളുകൾ ശേഖരിച്ച് വിദഗ്ധാഭിപ്രായം പറയണം എന്നതുമാത്രമായിരുന്നു ആ സമിതിക്ക് നൽകിയ ടേംസ് ഓഫ് റഫറൻസ്. മഴക്കാലത്ത് നടത്താൻ കഴിയുന്നതായിരുന്നില്ല സാമ്പിൾ പഠനം. പരിസരപ്രദേശങ്ങളിലെ കിണർ ജലവും ചാലക്കുടിപ്പുഴയിലെ ജലവും ശേഖരിക്കാൻ മഴകാരണം കഴിഞ്ഞില്ലെന്നും റിപ്പോർട്ട് പറയുന്നു. പ്രശ്നത്തോടുള്ള സമതിയുടെ സമീപനം അതിൽ നിന്നും വ്യക്തമാണ്. മാലിന്യങ്ങളിലെല്ലാം അപകടകരമായ ഉള്ളടക്കങ്ങൾ അനുവദനീയമായ പരിധിയിൽ മാത്രമാണ് സമിതി കണ്ടെത്തിയത്. മഴക്കാലത്ത് സ്വാഭാവികമായ വീര്യം കുറയൽ (dilution) സംഭവിക്കും എന്നതിനാൽ സാമ്പിൾ പഠനത്തിന്റെ കണക്കുകളെ വിശ്വാസത്തിലെടുക്കാൻ കഴിയില്ലെന്നാണ് പ്രൊഫ. എം.കെ. പ്രസാദിനെപ്പോലെയുള്ള വിദഗ്ധർ സാക്ഷ്യപ്പെടുത്തുന്നത്. പക്ഷെ, സമർപ്പിക്കപ്പെട്ട ഈ റിപ്പോർട്ട് പുനഃപരിശോധിക്കാനുള്ള സാധ്യതകളൊന്നും കാണുന്നില്ല. ആക്ഷൻ കൗൺസിൽ റിപ്പോർട്ട് തള്ളിക്കളഞ്ഞെങ്കിലും കമ്പനിക്ക് കൈകഴുകാനുള്ള ഒരുപാധികൂടി ഒരുങ്ങിക്കഴിഞ്ഞു. ആക്ഷൻകൗൺസിലിന്റെ പ്രതിനിധിയായി സമിതിയിലുണ്ടായിരുന്ന ഡോ. എ. ലതയുടെ വിയോജനക്കുറിപ്പുകൾ റിപ്പോർട്ടിൽ എഴുതിച്ചേർക്കാൻ കളക്ടർ തയ്യാറായില്ലെന്ന് അവരും പരാതി ഉന്നയിക്കുന്നുണ്ട്.

2011 ജനുവരിയിൽ രൂപീകരിച്ച ഡോ. ബി. ലക്ഷ്മികുട്ടി കമ്മിറ്റിയും സമാനമായ നിഗമനങ്ങളിലാണ് എത്തിയിരുന്നത്. കൃത്യമായ മോണിറ്ററിംഗ് നടത്തണമെന്നും കമ്പനി 16 നിർദ്ദേശങ്ങൾ പാലിക്കണമെന്നും പറഞ്ഞാണ് ആ സമിതിയും റിപ്പോർട്ട് ഉപസംഹരിച്ചത്. ആ 16 ഇന പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള തീയതി 2012 ഡിസംബർ 31ന് അവസാനിച്ചിട്ടും മലിനീകരണം ഒഴിവായതായി നാട്ടുകാർക്ക് അനുഭവപ്പെട്ടിട്ടില്ല. സർക്കാർ സമിതികളൊന്നും അക്കാര്യം പരിശോധിച്ചിട്ടുമില്ല. നിർദ്ദേശങ്ങളിൽ വീഴ്ച വന്നാൽ കമ്പനിയുടെ അനുമതി റദ്ദാക്കുമെന്ന് അന്നു നടന്ന ചർച്ചയിൽ മലിനീകരണ നിയന്ത്രണ ബോർഡ് പറഞ്ഞിട്ടുണ്ടായിരുന്നു. സർക്കാർ സ്ഥാപനങ്ങളും വിദഗ്ധ സമിതികളും ഈ സ്ഥിതി തുടരവെ ഇവയോടുള്ള നിലപാടുകളിൽ കാതിക്കുടം സമരസമിതി കൂടുതൽ വ്യക്തത വരുത്തേണ്ടിയിരിക്കുന്നു. ജനങ്ങൾക്ക് അനുഭവപ്പെടുന്ന ജീവൽപ്രശ്നങ്ങളെ ശാസ്ത്രീയമായി പരിഹരിക്കാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന വിദഗ്ധരുടെ ഈ സമീപനം തിരുത്തപ്പെടേണ്ടതുണ്ട്. കാതിക്കുടം ജനത നൽകിയ ജീവിക്കുന്ന തെളിവുകളെ, ഭരണകൂടത്തിന്റെ പക്ഷം ചേരാൻ ബാധ്യസ്ഥരാക്കപ്പെട്ട വിദഗ്ധസ്ഥാപനങ്ങൾ ഔദ്യോഗിക ശാസ്ത്രാധികാരം കൊണ്ട് തങ്ങളുടെ ലാബുകളിൽ വച്ച് കൊന്നൊടുക്കുകയാണ്.

**പഞ്ചായത്തിന്റെ അധികാരം**

പഞ്ചായത്തീരാജ് ആക്ട് പ്രകാരം അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യമായെന്നും ജനനിയന്ത്രണത്തിലുള്ള ഭരണസംവിധാനം സാധ്യമായെന്നുമുള്ള ധാരണയെ തിരുത്തുന്ന തരത്തിലുള്ള അനുഭവങ്ങളാണ് കാതിക്കുടം സമരം നടക്കുന്ന കാടുകുറ്റി പഞ്ചായത്തിന്റേത്. കേന്ദ്രീകൃത ഭരണസംവിധാനങ്ങളെല്ലാം മൂലധനതാത്പര്യങ്ങളുടെ സംരക്ഷകരായി അനുദിനം പരിണമിക്കുമ്പോഴും തദ്ദേശീയഭരണം കൂടുതൽ ജനഹിതമാകുന്ന കാഴ്ചയും അടുത്തകാലത്ത് വ്യാപകമാകുന്നുണ്ട്. എന്നാൽ വിഭവങ്ങളുടെ മേലുള്ള അധികാരം പൂർണ്ണമായും ജനങ്ങളിൽ നിക്ഷിപ്തമാക്കുന്ന തരത്തിലുള്ള നിയമനിർമ്മാണം ഇനിയും നടക്കാത്തതിനാൽ പഞ്ചായത്തീരാജ് ആക്ട് ദുർബലപ്പെടുന്നതായും പഞ്ചായത്തുകൾക്ക് ജനഹിതം നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിയുണ്ടാകുന്നതായും കാണുന്നുണ്ട്.


കാടുകുറ്റി പഞ്ചായത്തിന്റെ അവസ്ഥയും സമാനമാണ്. മൂന്ന് വർഷമായി പഞ്ചായത്ത് എൻ.ജി.ഐ.എൽ കമ്പനിക്ക് ലൈസൻസ് നൽകുന്നില്ലെങ്കിലും അതിനെ മറികടന്നുകൊണ്ടുള്ള കോടതി ഉത്തരവിന്റെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയുടെയും പിൻബലത്തിൽ കമ്പനി പ്രവർത്തനം തുടരുകയാണ്. പഞ്ചായത്ത് വർഷങ്ങളായി നൽകിയ പരാതികളൊന്നും മലിനീകരണ നിയന്ത്രണ ബോർഡ് കാര്യമായി പരിഗണിച്ചിട്ടില്ല. പ്രവർത്തനങ്ങൾ പലതും കമ്പനി പഞ്ചായത്തിനോട് വെളിപ്പെടുത്താറില്ല. മുഖ്യമന്ത്രിയുടെയും എം.എൽ.എമാരുടെയും നേതൃത്വത്തിൽ നടക്കുന്ന ചർച്ചകളിൽ പഞ്ചായത്തിന്റെ വാക്കുകൾ പലപ്പോഴും അവഗണിക്കപ്പെടുന്നതായി ജനപ്രതിനിധികൾ പറയുന്നു. പഞ്ചായത്ത് പ്രവർത്തനാനുമതി നിഷേധിച്ചിട്ടും എൻ.ജി.ഐ.എൽ കമ്പനിക്ക് പ്രവർത്തിക്കാൻ കഴിയുന്നു എന്നതാണ് കാതിക്കുടത്തെ ഗുരുതരമായ

**കാതിക്കുടം കേരളമാണ്**

കാതിക്കുടത്ത് പുറമെ നിന്നെത്തിയവർ കുഴപ്പമുണ്ടാക്കുന്നു എന്ന ആരോപണത്തിന് മറുപടിയായി കാതിക്കുടം കേരളമാണ് എന്ന പേരിൽ സെപ്തംബർ ഒന്നിന് കാതിക്കുടത്ത് വച്ച് ജനകീയ കൺവെൻഷൻ സംഘടിപ്പിച്ചു. കാതിക്കുടം ഐക്യദാർഢ്യ സമിതിയുടെ മുൻകൈയിൽ നടന്ന പരിപാടി കൂടംകുളം സമരപ്രവർത്തക സേവ്യറമ്മാൾ ഉദ്ഘാടനം ചെയ്തു. കൺവെൻഷനൊപ്പം സാംസ്കാരിക സമ്മേളനവും സംഘടിപ്പിച്ചു.

പ്രശ്നം. കമ്പനി സ്ഥിതി ചെയ്യുന്ന വാർഡിൽ വിജയിച്ചിരിക്കുന്നത് ആക്ഷൻ കൗൺസിലിന്റെ പ്രതിനിധിയാണ് എന്നതുതന്നെ കമ്പനിയോടുള്ള ജനവികാരം വ്യക്തമാക്കുന്നതാണ്. എന്നിട്ടും അധികാരം അവരിൽ നിന്നെല്ലാം എത്രയോ അകലെയാണ്.

പ്രാദേശിക വിഭവങ്ങൾക്ക് മേലുള്ള അധികാരം തദ്ദേശീയ ജനതയ്ക്ക് നഷ്ടമാകുന്നു എന്നതാണ് കേരളത്തിൽ ഇന്ന് നടക്കുന്ന മിക്ക ജനകീയ സമരങ്ങളുടെയും അടിസ്ഥാന പ്രശ്നം. ജനാധികാര പ്രയോഗത്തിലൂടെ പുഴയിലേക്ക് മാലിന്യമൊഴുക്കുന്ന പൈപ്പെടുത്തുമാറ്റാൻ നടത്തിയ സമരത്തിൽ സമരപ്രവർത്തകർക്കൊപ്പം പഞ്ചായത്ത് പ്രസിഡന്റും മെമ്പർമാരും പങ്കെടുത്ത സ്ഥലം കൂടിയാണ് കാതിക്കുടം. അത്തരത്തിൽ ജനാധിപത്യ വ്യവസ്ഥയുടെ കൂടുതൽ ജനാധിപത്യവത്കരണം എന്ന പ്രശ്നം കാതിക്കുടത്ത് ഉന്നയിക്കപ്പെട്ടിരിക്കുന്നു. അതിലൂടെ ഇനിയുമേറെ മുന്നോട്ട് പോകാനുണ്ടെന്ന് മാത്രം.



ഇനി എന്താണാവോ പറയാനുള്ളത് ?

കെ. സി. പി. എൽ. മാനേജ്മെന്റിനോട് സ്നേഹപൂർവ്വം,

കാതിക്കുടം കേരള കെമിക്കൽസ് ആന്റ് പ്രോട്ടീൻസ് ലിമിറ്റഡ് കമ്പനിയിൽ നിന്നുള്ള മലിനീകരണം നിയന്ത്രണാതീതമായിരിക്കുകയാണ്. ഒരു കെമിക്കൽ ഫാക്ടറി എന്നനിലയിലുള്ള ഇതിന്റെ തനി സ്വഭാവം കാണിക്കാനും തുടങ്ങിയിരിക്കുന്നു. ഇനിയൊട്ട് നിയന്ത്രിക്കൽ എളുപ്പവുമല്ല.

കമ്പനി കോമ്പൗണ്ടിൽ പകുതിയിലധികം സ്ഥലത്ത് കുഴികളിലും താഴ്ന്ന സ്ഥലങ്ങളിലുമായി 5 മീറ്റർ കനത്തിൽവരെ തട്ടിനിരത്തിയിരിക്കുന്ന അപകടകരമായ മലിനവസ്തുക്കൾ എടുത്തുമാറ്റി കളയൽ സാധ്യമാണോ? സാധ്യമല്ല. അതുകൊണ്ടുതന്നെ ഈ മലിനവസ്തുക്കളിൽ നിന്ന് വായുമലിനീകരണം സംഭവിക്കുന്നതും കിനിഞ്ഞിറങ്ങി ജലം, മണ്ണ് മലിനീകരണം സംഭവിക്കുന്നതും ഇല്ലാതാക്കാൻ കഴിയുമോ? കഴിയില്ല.

കമ്പനി കോമ്പൗണ്ടിൽ മലിനവസ്തുക്കൾ തട്ടിനിരത്താൻ തുടങ്ങിയപ്പോഴേ ഞങ്ങൾ പറഞ്ഞതാണ്, 'ദയവു ചെയ്ത് ചെയ്യരുതേ' എന്ന്. ഒരു മനുഷ്യൻ താഴാവുന്നതിന്റെ പരമാവധി താഴ്ന്ന് ഞങ്ങൾ കേണപേക്ഷിച്ചതാണ്. പക്ഷെ, നിങ്ങൾ ചെവിക്കൊണ്ടില്ല. ഞങ്ങളുടെ അപേക്ഷകളെ നിഷ്കരുണം പുച്ഛിച്ചു തള്ളുകയായിരുന്നു.

നിങ്ങൾ അഹങ്കാരത്തിന്റെ അത്യുന്നതിയിലായിരുന്നു. നിങ്ങളുടെ പ്രഭാവലയത്തിന്റെ എച്ചിലുകൾക്കുവേണ്ടി ഓച്ഛാനിച്ചു നിൽക്കുന്ന ഉപജാപകസംഘവുമുണ്ടായിരുന്നു.

നിങ്ങളിലാരും താമസിക്കുന്നത് ഇവിടെയായിരുന്നില്ലല്ലോ! ഇന്നാട്ടുകാരുടെ ജീവിതം നിങ്ങൾക്കൊരു വിഷയവുമായിരുന്നില്ല.

മലിനീകരണത്തെക്കുറിച്ച് ഞങ്ങൾ സംസാരിക്കുമ്പോഴൊക്കെ നിങ്ങൾ വീരവാദം മുഴക്കാറുണ്ടായിരുന്നു. 'മലിനീകരണമുണ്ടെങ്കിൽ ഞങ്ങൾ പരിഹരിക്കും. അതിനു കഴിവില്ലെങ്കിൽ അടച്ചുപൂട്ടി പോകും. അല്ലാതെ മറ്റൊന്നും പ്രതീക്ഷിക്കണ്ട.....' എന്ന്.

ഞങ്ങളൊന്നും തന്നെ പ്രതീക്ഷിക്കുന്നില്ല. എന്നാൽ, മലിനീകരണം ഇല്ലാതാകണം.

മലിനീകരണം ഇല്ലാതാക്കാൻ നിങ്ങൾക്കൊട്ട് കഴിയുന്നുമില്ല.

അതുകൊണ്ട് ചോദിക്കുകയാണ്,

**മാനേജ്മെന്റിന് ഇക്കാര്യത്തിൽ ഇനി എന്താണാവോ പറയുവാനുള്ളത് ?**

അറിയുന്നതിന് അതിയായ താല്പര്യമുണ്ട്.

'97 മെയ് 11-ന്,

പി. സി. ഗോപി (പ്രസിഡന്റ്)

ഷാജു ജോസഫ് (സെക്രട്ടറി)

കമ്പനിയുടെ മലിനീകരണത്തിനെതിരെ പ്രതിഷേധിച്ചുകൊണ്ട് 1997ൽ ഇറങ്ങിയ നോട്ടീസ്

**'കാതിക്കുടത്ത് ഒരു പ്രശ്നവുമില്ല'**

'കാതിക്കുടത്ത് ഒരു പ്രശ്നവുമില്ല', എന്നതാണ് കമ്പനി പതിവായി പറയാറുള്ള ഒരു വിശദീകരണം. പ്രശ്നമെല്ലാം സ്ഥാപിതതാത്പര്യക്കാരായ ചില സമരക്കാരും പുറത്തുനിന്നുള്ള ചില പരിസ്ഥിതി പ്രവർത്തകരും സൃഷ്ടിക്കുന്നതാണെന്നാണ് അവരുടെ വാദം. 30 വർഷമായി പ്രവർത്തനം തുടരുന്ന കമ്പനിക്കെതിരെ കഴിഞ്ഞ അഞ്ച് വർഷമായി മാത്രം എന്തുകൊണ്ടാണ് സമരമെന്ന് കമ്പനി ആശ്ചര്യപ്പെടുന്നു. എന്താണ് വാസ്തവം? അധികം രേഖകളില്ലാത്ത ചരിത്രത്തെ മറച്ചുവച്ചുകൊണ്ട്, ഓർമ്മകൾ കുറഞ്ഞുതുടങ്ങിയ സമൂഹത്തെ മുതലെടുക്കുകയാണ് കമ്പനി ചെയ്യുന്നത്. എന്നാൽ ഉള്ള തെളിവുകൾക്ക് ഏറെ സംസാരിക്കാനുണ്ട്. മലനീകരണമെന്നത് വളരെ പ്രത്യക്ഷത്തിൽ അനുഭവപ്പെടുന്നതായാൽ മാത്രമെ സാമാന്യജനം പലപ്പോഴും അതിനോട് പ്രതികരിക്കാറുള്ളൂ. കാതിക്കുടത്ത് ഇത് രണ്ടും സമാനമായ അളവിൽ സംഭവിക്കുന്നുണ്ട്. പ്രത്യക്ഷ കൊലയാളികളും നിശബ്ദ കൊലയാളികളും ഒരുമിച്ച് വേട്ടക്കിറങ്ങിയിരിക്കുന്നു.

90കളുടെ തുടക്കത്തിൽ തന്നെ കാതിക്കുടം നിവാസികൾക്ക് മലിനീകരണത്തെക്കുറിച്ച് ബോധ്യമുണ്ടെന്നാണ് പഴയ നോട്ടീസുകൾ പലതും തെളിയിക്കുന്നത്. കമ്പനിയിൽ നിന്നുള്ള മാലിന്യങ്ങളൊഴുകി കിണറുകളും പെരുംതോടും മലിനമാകുന്നതായി ജനം അന്നേ പരാതി ഉന്നയിച്ചിരുന്നു. 1996 ഏപ്രിൽ 17ന് കാടുകുറ്റി പഞ്ചായത്ത് പാസാക്കിയ ഒരു പ്രമേയം, ഏഴ്, എട്ട് വാർഡുകളിലെ കിണറുകളും തോടുകളും കമ്പനി കാരണം (അന്ന് കെ.സി.പി.എൽ - കേരള കെമിക്കൽസ് ആന്റ് പ്രോട്ടീൻസ് ലിമിറ്റഡ്) മലിനമായതിനാൽ സ്ഥലവാസികൾക്ക് കമ്പനി കുടിവെള്ളം വിതരണം ചെയ്യണമെന്നായിരുന്നു. 1998 മാർച്ച് 30ന് ആരോഗ്യവകുപ്പ് സെക്രട്ടറി, പനമ്പിള്ളി ജയദേവൻ എന്ന കാതിക്കുടം സ്വദേശിയുടെ പരാതിയിന്മേൽ അയച്ച മറുപടിയിൽ വ്യാവസായിക മലിനീകരണത്തിന്റെ പ്രശ്നം കേരള മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിച്ചെന്നും കെ.സി.പി.എൽ കമ്പനിയുടെ മലിനീകരണം കാരണം ഭൂഗർഭജലം മലീമസമായതായി കണ്ടെത്തിയെന്നും പറയുന്നുണ്ട്. പ്രത്യക്ഷത്തിലുള്ള ജലമലിനീകരണത്തെക്കുറിച്ച് മാത്രമായിരുന്നില്ല, കമ്പനിക്കുള്ള കൂട്ടിയിട്ടിരിക്കുന്ന ഖരമാലിന്യത്തെക്കുറിച്ചും വർഷങ്ങൾക്ക് മുമ്പ് തദ്ദേശീയർ ആശങ്കപ്പെട്ടിരു

ന്നു. കെ.സി.പി.എൽ മലിനീകരണ വിരുദ്ധ സമിതി 1997 മെയ് 11ന് ഇറക്കിയ നോട്ടീസിൽ പ്രസ്തുത ആശങ്ക പങ്കുവയ്ക്കുന്നുണ്ട്. ഈ മലിനവസ്തുക്കൾ കിനിഞ്ഞിറങ്ങി മണ്ണും വെള്ളവും നശിക്കുന്നതിനെക്കുറിച്ച് നോട്ടീസ് ആശങ്കപ്പെടുന്നുണ്ട്. 1996 നവംബർ 30ന് ഇറങ്ങിയ നോട്ടീസും ഗുരുതരമായ ആശങ്കകൾ പങ്കുവയ്ക്കുന്നു. പാടത്തും കുളങ്ങളിലും തോടുകളിലുമെല്ലാം ആസിഡ് നിറഞ്ഞിരിക്കുകയാണെന്നും വെള്ളം ഉപയോഗിക്കുമ്പോൾ ചൊറിച്ചിൽ അനുഭവപ്പെടുന്നതായും അതിൽ പറയുന്നു. കമ്പനി കോമ്പൗണ്ടിൽ നിന്നും വിഷജലം പുറത്തേക്ക് ചോർന്നൊലിക്കുന്നതായും നോട്ടീസ് പരാതിപ്പെടുന്നു. മത്സ്യസമ്പത്ത് നശിച്ചതിനെക്കുറിച്ചും സൂചനയുണ്ട്. മലിനീകരണത്തിന് കാരണം കമ്പനിയാണെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് കണ്ടെത്തിയതായും നോട്ടീസ് പറയുന്നു. ജനങ്ങളുടെ പരാതിയെത്തുടർന്ന് സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് 1997ൽ കാതിക്കുടത്തെ പ്രശ്നങ്ങൾ പഠിച്ചതായി തൈക്കൂട്ടം ജനകീയ സമിതി 1997 മെയ് 2ന് ഇറക്കിയ ഒരു നോട്ടീസ് പറയുന്നു. ചാലക്കുടിപ്പുഴയിലേക്ക് കമ്പനിയൊഴുക്കുന്ന നിർഗമജലവും കമ്പനി കോമ്പൗണ്ടിൽ നിന്നും പെരുംതോട്ടിലേക്ക് ഒഴുകിയെത്തുന്ന ജലവുമാണ് അവർ പരിശോധിച്ചത്. പരിശോധന ഫലങ്ങൾ മലിനീകരണത്തിന്റെ തോത് ഭീമമായ തോതിലുണ്ടെന്നാണ് പറയുന്നത്. ജനങ്ങളുടെ പരാതിയെത്തുടർന്ന് തീരുമാനിച്ച പഠനമായിരുന്നിട്ടും പഠന റിപ്പോർട്ട് കമ്പനിക്കാണ് സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് കൈമാറിയതെന്നും കെ.സി.പി.എൽ മലിനീകരണ വിരുദ്ധ സമിതിയുടെ നോട്ടീസ് പരാതിപ്പെടുന്നുണ്ട്.

കാതിക്കുടം കമ്പനിക്കുള്ളിൽ കൂട്ടിയിട്ടിരിക്കുന്നതും കുഴിച്ചുമൂടിയതുമായ ഖരമാലിന്യങ്ങളും സമാനമായ സ്ഥിതിയാണ് കാതിക്കുടത്ത് സൃഷ്ടിക്കാൻ പോകുന്നത്. യൂണിയൻ കാർബൈഡ് ഇങ്ങനെയൊരു ദുരന്തം കൂടി അവശേഷിപ്പിച്ചിട്ടാണ് പൊട്ടിത്തെറിച്ചതെന്ന് ഭോപ്പാലുകാർ തിരിച്ചറിയാൻ ഏറെ വർഷങ്ങളെടുത്തു

കാതിക്കുടം ജനകീയ സമിതി 1997 മെയ് 14ന് ഇറക്കിയ നോട്ടീസ് വായു മലിനീകരണം പൂർണ്ണമായും ഇല്ലാതാക്കണമെന്ന് ആവശ്യപ്പെടുന്നുണ്ട്. 1997 മെയ് 7ന് വായു മലിനീകരണം ഇല്ലാതാക്കുക എന്ന തലക്കെട്ടോടെ ഒരു നോട്ടീസ് ഇറങ്ങിയിട്ടുണ്ട്. കമ്പനിയിൽ നിന്നുള്ള എല്ലാവിധ മലിനീകരണ പ്രശ്നങ്ങളെക്കുറിച്ചും 15 വർഷങ്ങൾക്ക് മുമ്പ് തന്നെ ജനങ്ങൾ പരാതിപ്പെട്ടിരുന്നതായും ജനകീയ സമിതികൾ രൂപീകരിച്ച് പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചിരുന്നതായും പഴയ നോട്ടീസുകളിൽ നിന്നെല്ലാം വ്യക്തമാകുന്നുണ്ട്. ഇത്രകാലവും ഇല്ലാതിരുന്ന പ്രശ്നങ്ങൾ ഇന്ന് കാതിക്കുടത്ത് മനഃപൂർവ്വം സൃഷ്ടിക്കപ്പെടുകയാണ് എന്ന മാനേജ്മെന്റ്-യൂണിയൻ വാദത്തെ തള്ളിക്കളയാൻ പര്യാപ്തമാണ് ഈ തെളിവുകൾ. വലിയ സമരങ്ങളായി മാറേണ്ടിയിരുന്ന ഈ ചെറിയ പ്രതിഷേധങ്ങളെ കെടുത്തിക്കളഞ്ഞതും കമ്പനിയുടെ കുതന്ത്രങ്ങളാണ്. കമ്പനിയുടെ സാമ്പത്തിക സഹായം കൈപ്പറ്റി പലരും പിൻവാങ്ങി. പലർക്കും കമ്പനിയിൽ തന്നെ ജോലികിട്ടി. 1996ലെ കെ.സി.പി.എൽ മലിനീകരണ വിരുദ്ധ സമിതിയുടെ സെക്രട്ടറി ഷാജു ജോസഫ് ഇപ്പോൾ കമ്പനിയിലെ ഉദ്യോഗസ്ഥനാണ്. എന്നാൽ പണത്തിന്റെ കൊലക്കയറിൽ കുരുങ്ങി മരിച്ച ആ പ്രതിഷേധങ്ങളെല്ലാം ഇന്ന് ചില ചരിത്രദൗത്യങ്ങൾ നിർവഹിക്കുന്നുണ്ട്. കാലാകാലങ്ങളായി തുടരുന്ന മലിനീകരണത്തിന്റെ രൂക്ഷതയ്ക്ക് അത് തെളിവുകളാകുന്നുണ്ട്. കമ്പനിക്കുള്ളിൽ കൂട്ടിയിട്ടിരുന്ന ഖരമാലിന്യത്തെക്കുറിച്ചായിരുന്നു പഴയ നോട്ടീസുകൾ പ്രധാനമായും ആശങ്കപ്പെട്ടിരുന്നത്. ഫിലിം സൊസൈറ്റി പ്രവർത്തകനായിരുന്ന കുഞ്ഞുമുഹമ്മദ് കമ്പനിയുടെ മതിലിൽ കയറി നിന്ന് രഹസ്യമായി പകർത്തിയ പഴയ ദൃശ്യങ്ങളിൽ ഖരമാലിന്യം കമ്പനി പരിസരത്ത് കൂട്ടിയിട്ടിരിക്കുന്നത് വ്യക്തമായി കാണാം. എന്നാൽ പ്രതിഷേധങ്ങൾ വ്യാപകമായതോടെ ആ മാലിന്യങ്ങൾ കമ്പനിക്കുള്ളിൽ തന്നെ കുഴിയെടുത്ത് മണ്ണിട്ട് മൂടുകയാണ് അവർ ചെയ്തത്. ഘനലോഹങ്ങളുടെ സാന്നിദ്ധ്യമുണ്ടെന്ന് പല പഠനങ്ങളും കണ്ടെത്തിയിട്ടുള്ള പ്രസ്തുത ഖരമാലിന്യം കാതിക്കുടത്തെ മണ്ണിലാകെ പടർന്നിട്ടുണ്ടാകാം. ദൂരവ്യാപകമായ അതിന്റെ പ്രത്യാഘാതങ്ങളിലേക്ക് കാതിക്കുടം അനുദിനം അടുത്തുകൊണ്ടിരിക്കുകയാണ്.

**കാത്തിരിക്കുന്ന ദുരന്തങ്ങൾ**

1984ലെ ഭോപ്പാൽ ദുരന്തത്തിന് ശേഷം യൂണിയൻ കാർബൈഡ് കമ്പനിക്കുള്ളിൽ സൂക്ഷിച്ചിരുന്ന മെർക്കുറി മണ്ണിലേക്ക് അരിച്ചിറങ്ങി കമ്പനിക്ക് സമീപമുള്ള ഇരുപതോളം



ജൈവവളമെന്ന പേരിൽ വിൽക്കുന്ന കമ്പനിയുടെ ഖരമാലിന്യം

കോളനികളിലെ കിണറുകളെ രാസവിഷമയമാക്കി എന്നതാണ് ഇപ്പോൾ അവിടുത്തെ നീറുന്ന പ്രശ്നം. കാതിക്കുടം കമ്പനിക്കുള്ളിൽ കൂട്ടിയിട്ടിരിക്കുന്നതും കുഴിച്ചുമൂടിയതുമായ ഖരമാലിന്യങ്ങളും സമാനമായ സ്ഥിതിയാണ് കാതിക്കുടത്ത് സൃഷ്ടിക്കാൻ പോകുന്നത്. യൂണിയൻ കാർബൈഡ് ഇങ്ങനെയൊരു ദുരന്തം കൂടി അവശേഷിപ്പിച്ചിട്ടാണ് പൊട്ടിത്തെറിച്ചതെന്ന് ഭോപ്പാലുകാർ തിരിച്ചറിയാൻ ഏറെ വർഷങ്ങളെടുത്തു. എന്നാൽ ഭോപ്പാൽ ദുരന്തത്തിന്റെ പോലും ഉത്തരവാദിത്തം ഏറ്റെടുക്കാതെ കടന്നുകളഞ്ഞ യൂണിയൻ കാർബൈഡ് ഭൂഗർഭജലവും മണ്ണും മലിനമായതിന്റെ ഉത്തരവാദിത്തം എങ്ങനെ ഏറ്റെടുക്കാനാണ്? വർഷങ്ങൾക്കുശേഷം മാരകമായ ഘനലോഹ സാന്നിധ്യം കാതിക്കുടത്തെ കിണറുകളിലും മണ്ണിലും വിളകളിലും കണ്ടെത്തിയാലും ഇതേ സമീപനം തന്നെയാണ് എൻ.ജി.ഐ.എല്ലും എടുക്കാൻ പോകുന്നത്. അതിനനുവദിക്കാത്ത തരത്തിലുള്ള ഒരു രാഷ്ട്രീയ ഇച്ഛാശക്തി രൂപപ്പെടുത്താനുള്ള ബാധ്യതകൂടി കാതിക്കുടം സമരത്തിനുണ്ട്. കാരണം യൂണിയൻ കാർബൈഡ് അധികൃതരെ പരിക്കില്ലാതെ രക്ഷിച്ചവരുടെ പിന്മുറക്കാർ തന്നെയാണ് ഇപ്പോഴും നാടുഭരിക്കുന്നത്.

**ജൈവവളമെന്ന മാരക വിഷം**

കമ്പനിക്കുള്ളിൽ കൂട്ടിയിട്ടിരിക്കുന്ന ഇതേ ഖരമാലിന്യമാണ് സർക്കാർ ഏജൻസികളുടെ അംഗീകാരമുണ്ടെന്ന പേരിൽ വളമായി എൻ.ജി.ഐ.എൽ കയറ്റി അയയ്ക്കുന്നത്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെയും കേരള കാർഷിക സർവ്വകലാശാലയുടെയും അനുമതി അക്കാര്യത്തിൽ തങ്ങൾക്കുണ്ടെന്നാണ് കമ്പനിയുടെ വാദം. എന്നാൽ 1985 ലെ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ പ്രകാരം ജൈവവളം വിൽക്കണമെങ്കിൽ കേന്ദ്ര സർക്കാർ അംഗീകരിച്ച ലബോറട്ടറികളിൽ പരിശോധന നടത്തി അനുമതി വാങ്ങേണ്ടതുണ്ട്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയമോ കാർഷിക സർവ്വകലാശാലയോ അല്ല അക്കാര്യത്തിൽ സർട്ടിഫിക്കറ്റ് നൽകേണ്ടത്. എന്നാൽ തൃശൂർ ജില്ലയിലെ കുന്നംകുളത്തിനടുത്തുള്ള ചെമ്മണ്ണൂർ എന്ന സ്ഥലത്ത് കാരക്കാട് പത്മനാഭൻ എന്നയാളുടെ പറമ്പിൽ കമ്പനിയുടെ മാലിന്യം വളമായി ഇറക്കിയതിനെ തുടർന്ന് ദുർഗന്ധവും ശുദ്ധജലമലിനീകരണവും ഉണ്ടായതായി നാട്ടുകാർ പരാതിപ്പെടുകയും വക്കീൽ നോട്ടീസ് അയയ്ക്കുകയും ചെയ്തപ്പോൾ മറുപടിയായി എൻ.ജി.ഐ.എൽ ഹാജരാക്കിയത് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെയും കാർഷിക സർവ്വകലാശാലയുടെയും അനുമതികളാണ്. എന്നാൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി എന്ന് കമ്പനി പറയുന്നത്, മന്ത്രാലയത്തിന്റെ ഉപവിഭാഗമായ ഹസാർഡസ് സബ്സ്റ്റൻസ് മാനേജ്മെന്റ് ഡിവിഷൻ കമ്പനിയുടെ ശുദ്ധീകരിച്ച മാലിന്യം ഭക്ഷ്യധാന്യങ്ങളിലൊഴികെയുള്ള ഏത് വിളകളിലും വളമായി ഉപയോഗിക്കാം എന്നു പറയുന്ന ഒരു യോഗ്യതാ സർട്ടിഫിക്കറ്റ് മാത്രമാണ്. കേരള കാർഷിക സർവ്വകലാശാലയും നൽകിയത് അത്തരത്തിലുള്ള യോഗ്യതാപത്രം മാത്രമാണ്. യൂണിവേഴ്സിറ്റി കുറച്ചുകൂടി വിശദമായ ടെസ്റ്റുകൾ നടത്തിയിരുന്നു. വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജിലെ റേഡിയോ ട്രേസർ ലാബിന്റെ തലവനായ ഡോ. പി. സുരേഷ്കുമാറാണ് സാമ്പിളുകൾ പരിശോധിച്ചത്. ഒപ്പം കണ്ണാറയിലെ വാഴ ഗവേഷണ കേന്ദ്രത്തിലും മണ്ണുത്തിയിലെ കാർഷിക ഗവേഷണ കേന്ദ്രത്തിലും ഹോർട്ടികൾച്ചർ കോളേജിലെ പച്ചക്കറി ഗവേഷണ കേന്ദ്രത്തിലും ഫീൽഡ് പഠനങ്ങൾ തന്നെ ഈ മാലിന്യം ഉപയോഗിച്ച് നടത്തി. ഡോ. പി.സുരേഷ്കുമാറിന് 72,000 രൂപയും ഫീൽഡ് പഠനങ്ങൾക്കായി ഓരോ ഗവേഷണ കേന്ദ്രത്തിനും പ്രതിമാസം 5000 രൂപയുമാണ് കമ്പനി ചിലവുകൾക്കായി നൽകിയത്. ഇത്ര വിലയേറിയ സർട്ടിഫിക്കറ്റ് സംഘടിപ്പിച്ചാണ് കമ്പനി വളം വിൽപ്പന നടത്തുന്നത്. എന്നാൽ ശരിക്കും സർട്ടിഫിക്കറ്റ് നൽകാൻ ബാധ്യതപ്പെട്ടവർ ഇവരല്ലെന്നു മാത്രം. (മുൻ സൂചിപ്പിച്ച് വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജിലെ റേഡിയോ ട്രേസർ

ലാബിന്റെ തലവനായ ഡോ. പി. സുരേഷ് കുമാർ തന്നെയായിരുന്നു 2013 ജൂലായ് 9ന് അവസാനമായി രൂപീകരിച്ച വിദഗ്ധ സമിതിയുടെയും നേതൃത്വം. ഇത്തവണ അദ്ദേഹത്തിന്റെ മുൻകൈയിൽ നടന്ന സാമ്പിൾ പരിശോധനയിൽ ഖരമാലിന്യത്തിൽ ലെഡിന്റെയും ക്രോമിയത്തിന്റെയും ഉയർന്ന അളവ് കണ്ടെത്തിയിരുന്നു. ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ പ്രകാരമുള്ള പരിധികൾ ലംഘിക്കപ്പെടുന്നതിനാൽ ഇത് നേരിട്ട് വളമായി ഉപയോഗിക്കാൻ കഴിയില്ലെന്നും (material is unsuitable for direct use as manure) വിദഗ്ധ സമിതി റിപ്പോർട്ടിൽ എഴുതിയിട്ടുണ്ട്. പഠനങ്ങളിലെ വൈരുദ്ധ്യങ്ങളാണ് ഇത് തെളിയിക്കുന്നത്.

കോട്ടയത്തെ മീനച്ചിൽ ഏജൻസീസ്,

കാതിക്കുടത്ത് എന്തെല്ലാം മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയാലും ഈ കുറ്റങ്ങൾക്കൊന്നും ശിക്ഷപ്പെടാതിരിക്കുന്നതിനുള്ള പരിഹാരമാകില്ല അത്. സമ്പത്തും അധികാരവും ഉപയോഗിച്ച് ജനാധിപത്യവ്യവസ്ഥയെ താറുമാറാക്കാൻ അവർ നടത്തിയ ശ്രമങ്ങളും അതോടെ പരിഹരിക്കപ്പെടില്ല

കാഞ്ഞിരപ്പിള്ളിയിലെ ജീവാമിൽ, വാഴക്കുളത്തെ സേഫ് അഗ്രാ ഇൻപുട്ട് ആന്റ് കൺസൾട്ടൻസീസ്, പൊള്ളാച്ചിയിലെ ഒമേഗ എന്നീ ഏജൻസികളാണ് ഈ വളം വാങ്ങുന്നത്. കൂടാതെ പേരുവിവരങ്ങൾ ലഭ്യമല്ലാത്ത അനേകം കബളിപ്പിക്കപ്പെട്ട കർഷകരും ഈ ജൈവവളം വാങ്ങുന്നുണ്ട്. ഘനലോഹങ്ങൾ അടങ്ങിയ ഈ മാലിന്യം കേരളമാകെ സഞ്ചരിച്ച് മണ്ണിനെയും വിളകളെയും വിഷലിപ്തമാക്കുകയാണ്. ഇത്ര ഗുരുതരമായ കുറ്റകൃത്യത്തോട് വളരെ ലാഘവത്തോടെയുള്ള സമീപനമാണ് അധികൃതർ പുലർത്തുന്നത്. സർക്കാർ നിർദ്ദേശങ്ങളെല്ലാം പാലിക്കുന്നുണ്ടെന്ന് പറഞ്ഞ് മാന്യത ചമയുന്ന കമ്പനി ഈ കുറ്റകൃത്യങ്ങളെക്കുറിച്ചെല്ലാം കൃത്യമായ നിശബ്ദത പുലർത്തുന്നുണ്ട്.

പോലീസ് സംവിധാനത്തെ കമ്പനി വിലയ്ക്കെടുക്കുന്നതിന്റെ വ്യക്തമായ തെളിവുകൾ കാതിക്കുടത്തെത്തുന്ന ആർക്കും ബോധ്യമാകുന്നതാണ്. ഹൈക്കോടതി അനുവദിച്ചിരിക്കുന്ന പോലീസ് സംരക്ഷണം ദാസ്യവേലപോലെ ചെയ്യുന്നതിന്റെ പ്രത്യക്ഷകാഴ്ചകൾ അവിടെ ആർക്കും ദൃശ്യമാകും. കഴിഞ്ഞ ജൂലായ് 21ന് നടന്ന ലാത്തിച്ചാർജ്ജിന്റെ പ്രഥമവിവരം (എഫ്.ഐ.ആർ) പോലീസ് തയ്യാറാക്കിയിരിക്കുന്നത് കണ്ടാൽ ദൃശ്യമാധ്യമങ്ങളിലൂടെ കേരളം കണ്ട പോലീസ് വേട്ട കാതിക്കുടത്ത് നടന്നിട്ടേ ഇല്ലെന്ന് തോന്നും. “അക്രമാസക്തമായ ജനക്കൂട്ടത്തെ സ്ഥലത്തുണ്ടായിരുന്ന പോലീസ് പാർട്ടി മതിയായ ബലപ്രയോഗത്തിലൂടെ പിരിച്ചുവിട്ടിട്ടുള്ളതാണ്. അക്രമികളിൽ പലർക്കും ഓടുന്നതിനിടയിൽ റോഡിലും, പറമ്പിലും വീണും, അക്രമികൾ തന്നെ എറിഞ്ഞ കല്ലുകൊണ്ടും പരിക്കുപറ്റാൻ ഇടവന്നിട്ടുള്ളതാണ്. പ്രതികൾ ഓടുന്നതിനിടയിൽ സംഭവസ്ഥലത്തിനടുത്ത് റോഡിൽ പാർക്ക് ചെയ്തിരുന്ന ഏതാനം ബൈക്കുകൾ മറിഞ്ഞുവീണ് കേടുപാടുകൾ പറ്റിയിട്ടുണ്ട്.” തുടങ്ങിയ വിചിത്രമായ ന്യായമാണ് എഫ്.ഐ.ആറിൽ പോലീസ് നിരത്തുന്നത്. (‘പ്രതികൾ ഓടുന്നതിനിടയിൽ ലാത്തി അറിയാതെ പുറത്ത് മുട്ടിപ്പോയതാണ്’ എന്ന് എഴുതിയില്ലല്ലോ!). കാവൽ നിന്ന വകുപ്പിൽ പോലീസ് ഡിപ്പാർട്ട്മെന്റിന് നൽകേണ്ട തുകയിൽ വെട്ടിക്കുറവ് വരുത്തി പ്ലാച്ചിമടയിലെ കൊക്കക്കോള കമ്പനിക്ക് ലക്ഷക്കണക്കിന് രൂപയുടെ ഇളവ് നൽകിയ സംസ്ഥാനമാണ് കേരളം. ജനങ്ങളെ നേരിട്ട് പ്രതിരോധിക്കുന്ന ലോക്കൽ പോലീസിനെക്കാൾ കമ്പനികളോട് കൂറുള്ളവർ അവരുടെ ഉന്നതങ്ങളിലുള്ളപ്പോൾ ആരാണ് ശത്രുവെന്ന അദൃശ്യതയിൽ കാതിക്കുടം കൂടുതൽ ആശയക്കുഴപ്പത്തിലാകുന്നു. അടിത്തട്ടുകളിലെ അടികളെയല്ല, ഉന്നതങ്ങളിലെ ഉടമകളെയാണ് വിലയ്ക്കെടുക്കേണ്ടതെന്ന് എൻ.ജി.ഐ.എല്ലിനറിയാം.

കാതിക്കുടത്ത് എന്തെല്ലാം മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയാലും ഈ കുറ്റങ്ങൾക്കൊന്നും ശിക്ഷപ്പെടാതിരിക്കുന്നതിനുള്ള പരിഹാരമാകില്ല അത്. സമ്പത്തും അധികാരവും ഉപയോഗിച്ച് ജനാധിപത്യവ്യവസ്ഥയെ താറുമാറാക്കാൻ അവർ നടത്തിയ ശ്രമങ്ങളും അതോടെ പരിഹരിക്കപ്പെടില്ല. വ്യവസായ സംരംഭകർ അവരുടെ കുറ്റകൃത്യങ്ങളുടെ പേരിൽ ശിക്ഷിക്കപ്പെടാതിരിക്കുക എന്നത് ഇന്ത്യയിൽ ഒരു പതിവായി ആവർത്തിക്കുകയും ഒരു വ്യവസ്ഥയായി മാറുകയും ചെയ്യുകയാണ്. അത് തിരുത്തിയെഴുതാനുള്ള ശ്രമം കാതിക്കുടം സമരത്തിൽ നിന്നും തുടങ്ങേണ്ടതുണ്ട്.

**വിഭവങ്ങളുടെ രാഷ്ട്രീയം**

ഒരു ടൺ മുള ഒരു രൂപയ്ക്ക് കിട്ടിയിരുന്നതുകൊണ്ടാണ് ലാഭകരമായി മാവൂർ റയോൺസിന് പ്രവർത്തിക്കാൻ കഴിഞ്ഞിരുന്നത്. തി

രഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന ലോകത്തിലെ ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ തന്നെയാണ് വനവിഭവങ്ങൾ കുറഞ്ഞവില യ്ക്ക് യഥേഷ്ടം നൽകിക്കൊണ്ട് 1957ൽ ത ന്നെ വ്യവസായവത്കരണത്തെ പ്രോത്സാ ഹിപ്പിക്കുന്ന നയത്തിന് തുടക്കം കുറിച്ചത്. “മണ്ണിന്റെ വളക്കൂറ് ഉയർത്തുന്നതിലുണ്ടായ എല്ലാ പുരോഗതിയും ആ വളക്കൂറിന്റെ ശാ ശ്വതമായ ഉറവിടങ്ങളെത്തന്നെ വറ്റിക്കുന്ന തിലേക്കുള്ള പുരോഗതിയാണ്... ആയതി നാൽ എല്ലാ സമ്പത്തിന്റെയും മൂലസ്രോത സ്സുകളായ മണ്ണിനെയും തൊഴിലാളിയേയും ഊറ്റിക്കുടിച്ചുകൊണ്ട് മാത്രമാണ് മുതലാളി ത്തോൽപാദനം സാങ്കേതികവിദ്യയെ വളർ



ത്തുകയും ഒരു സാമൂഹ്യ സമഷ്ടിയായി വി വിധ പ്രക്രിയകളെ സംയോജിപ്പിക്കുകയും ചെയ്യുന്നത്” (മൂലധനം, വാള്യം ഒന്ന്, പേജ് 474–75) എന്ന മാർക്സിന്റെ തന്റെ വീക്ഷണ ങ്ങളെ അധികാരത്തിലെത്തിയ കാലത്തുത ന്നെ തള്ളിക്കളഞ്ഞവരാണ് കേരളത്തിലെ മാർക്സിസ്റ്റുകൾ. വിഭവങ്ങൾ വ്യാവസായി വികസനത്തിനും അതുവഴി തൊഴിൽ ഉത് പാദിപ്പിക്കാനുമുള്ളതാണെന്ന നയം അങ്ങ നെ ഇ.എം.എസ്സിൽ നിന്നുതന്നെ തുടങ്ങി. ഗ്വാളിയോർ റയോൺസും ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റും പുനലൂർ പേപ്പർ മില്ലും പ്രീമ യർ ടയേഴ്സുമെല്ലാം ഈ കാഴ്ച്ചപ്പാടിന്റെ തുടർച്ചകളാണ്. ഒടുവിൽ പതിനായിരക്കണ ക്കിനാളുകൾക്ക് തൊഴിൽ കൊടുക്കുമെന്ന പേരിൽ ശോഭാ ഡവലപേഴ്സ് എന്ന സ്വകാ ര്യസംരംഭത്തിന്റെ ഹൈടെക് സിറ്റിയെ വഴി

വിട്ടു സഹായിക്കുന്നതിലേക്കും വേണമെ ങ്കിൽ എം.എ. യൂസഫലിക്ക് ഭരണം വരെ കൈമാറുന്നതിലേക്കും രാഷ്ട്രീയ നേതൃത്വ ങ്ങൾ എത്തിച്ചേർന്നു.

പ്രകൃതിവിഭവത്തിനുണ്ടായ പരിണിതി യെ മാവൂർ ഗ്രാസിമിന്റെ അടിസ്ഥാനത്തിൽ തന്നെ നോക്കാം. മുള എന്ന സ്വാഭാവിക വി ഭവം തീർന്നതോടെ വനം വെട്ടിത്തെളിച്ച് യൂക്കാലിത്തോട്ടങ്ങളുണ്ടാക്കി അസംസ്കൃ ത വസ്തുക്കൾ വ്യവസായങ്ങൾക്ക് നൽ കാൻ തുടർ സർക്കാറുകളും ബാധ്യസ്ഥരാ യിത്തീർന്നു. വിഭവങ്ങളുടെ ലഭ്യതയെക്കുറി ച്ചും അവയുടെ പാരിസ്ഥിതിക പ്രാധാന്യ ത്തെക്കുറിച്ചുമുള്ള പുതിയ കാഴ്ച്ചപ്പാടുകൾ ലോകമെമ്പാടും ഉയർന്നുവരുന്ന സാഹചര്യത്തിലും തൊഴിൽ സൃഷ് ടിക്കുന്നതിനായി ഉപയോഗപ്പെടു ത്തേണ്ട അസംസ്കൃത വസ്തുവാ യാണ് ഇപ്പോഴും ഭരണാധികാരികൾ പ്രകൃതിവിഭവങ്ങളെ കാണുന്നത്. വ്യവസായങ്ങൾക്ക് വിഭവങ്ങൾ ക ണ്ടെത്തിക്കൊടുത്ത് നിക്ഷേപക സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്ന തിനും ഏകജാലക സംവിധാനത്തി ലൂടെ നിക്ഷേപകരുടെ ഫയലുകൾ വേഗത്തിൽ നീങ്ങുന്നതിനും വേണ്ടി കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ് ട്രക്ച്ചർ ഡവലപ്മെന്റ് കോർപ്പറേ ഷനും (കിൻഫ്ര), കേരള സ്റ്റേറ്റ് ഇൻ ഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പ റേഷനും (കെ.എസ്.ഐ.ഡി.സി) ഒ രുപോലെ പ്രവർത്തിക്കുന്ന സം സ്ഥാനമാണ് കേരളം. ഭൂമി ഏറ്റെടു ത്തുകൊടുക്കുക എന്ന ജോലിയാ ണ് കിൻഫ്രയുടേത്. 12 വ്യവസായ പാർക്കു കൾ യാഥാർത്ഥ്യമാക്കിയ കിൻഫ്ര ഭൂമിയെ കേവലം വ്യാവസായിക വിഭവമാക്കുന്നതിൽ വലിയ രീതിയിൽ പണിപ്പെട്ടിട്ടുണ്ട്. വ്യാവ സായിക വളർച്ചയ്ക്കായുള്ള ഭൗതിക-സാമൂ ഹിക സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനാ യി രൂപീകരിച്ച കെ.എസ്.ഐ.ഡി.സിയാണ് നിറ്റാ ജലാറ്റിന്റെ സഹകാരി. (കെ.എ സ്.ഐ.ഡി.സി ഡയറക്ടർ ബോർഡ് അംഗ ങ്ങളായ വി. സോമസുന്ദർ ഐ.എ.എസ്സും, ടോം ജോസ് ഐ.എ.എസ്സും എൻ.ജി.ഐ. എല്ലിന്റെയും ഡയറക്ടർ ബോർഡ് അംഗങ്ങ ളാണ്. വിവരാവകാശ നിയമം ബാധകമല്ലെ ന്നും എൻ.ജി.ഐ.എൽ സ്വകാര്യകമ്പനിയാ ണെന്നുമാണ് കെ.എസ്.ഐ.ഡി.സി മറുപടി നൽകിയിട്ടുള്ളത്. എന്നാൽ എൻ.ജി.ഐ. എൽ കമ്പനിയുടെ ബ്രോഷറിൽ പറയുന്നത്

കെ.എസ്.ഐ.ഡി.സിയാണ് കമ്പനിയുടെ മുഖ്യ സംരംഭകർ എന്നാണ്. ഈ അവ്യക്തത സുരതാര്യത അവകാശപ്പെടുന്ന സർക്കാറിന് ഒട്ടും യോജിച്ചതല്ല).

രണ്ട് കോടി ലിറ്റർ ജലമാണ് ഒരു ദിവസം ചാലക്കുടി പുഴയിൽ നിന്നും എൻ.ജി.ഐ.എൽ എടുക്കുന്നതായി കണക്കാക്കപ്പെടുന്നത്. എതാണ്ട് അത്രതന്നെയളവിൽ മലിനജലം പുഴയിലേക്ക് ഒഴുക്കുന്നുമുണ്ട്. ജനങ്ങൾ കുടിക്കുന്നതിനും കുളിക്കുന്നതിനും മത്സ്യബന്ധനത്തിനും ജലസേചനത്തിനും ആശ്രയിക്കുന്ന പുഴയാണ് ഒരു വ്യവസായ സംരംഭത്തിനായി ഇത്തരത്തിൽ വകമാറ്റപ്പെട്ടിരിക്കുന്നത്. കൂടാതെ ഭൂമിയിലെ തന്നെ ജീവന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ട പുഴയുടെ പാരിസ്ഥിതിക ധർമ്മങ്ങളും വ്യാവസായിക-സാമ്പത്തിക പരിഗണനകൾക്ക് മുന്നിൽ തിരസ്കരിക്കപ്പെടുന്നു.

വിഭവങ്ങളുടെ യഥാർത്ഥ അവകാശികളായ ജനങ്ങളുടെ താത്പര്യങ്ങളെ വിഭവാധികാരം കേന്ദ്രീകരിച്ചിരിക്കുന്ന ഭരണകൂടങ്ങൾ അവരുടെ ഇച്ഛയ്ക്കനുസരിച്ച് നിയന്ത്രിക്കുന്നു. വിഭവങ്ങൾ ലാഭമുണ്ടാക്കുന്നതിനുള്ള ചരക്കാണെന്ന് ഭരണകൂടങ്ങൾ തീരുമാനിച്ചാൽ ജനങ്ങൾക്ക് അവരുടെ വിഭവാവകാശത്തിനായി ഭരണകൂടത്തോട് കലഹിക്കുകയല്ലാതെ മാർഗ്ഗമില്ല. വിഭവങ്ങൾ പരിമിതമാവുകയും പാരിസ്ഥിതിക പ്രതിസന്ധികൾ രൂക്ഷമാവുകയും ചെയ്യുന്ന ലോകസാഹചര്യത്തിൽ, വിഭവങ്ങളുടെ വിനിയോഗത്തെയും അധികാരത്തെയും കുറിച്ച് പുനരാലോചിക്കുന്നതിന് പകരം ബലതന്ത്രങ്ങൾ കൊണ്ട് അവയെ കീഴ്പ്പെടുത്തുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ആഗോളശ്രമങ്ങളുടെ ഭാഗം തന്നെയാണ് കാതിക്കുടവും. പാരിസ്ഥിതിക ദുരന്തങ്ങളുടെ ഇരകളാകുന്നവരുടെ സമരങ്ങളെല്ലാം വിഭവരാഷ്ട്രീയത്തിന്റെ ഈ പൊതുപ്രതലത്തിലാണ് അറിഞ്ഞും അറിയാതെയും കണ്ണിചേർക്കപ്പെടുന്നത്. കാതിക്കുടവും ആ ചങ്ങലയിലെ ഒരു കരുത്തുറ്റ കണ്ണിയാണ്. ഈ ശൃംഖലയിൽ നിന്നുകൊണ്ട് ഭൂമിയുടെ യഥാർത്ഥ അവകാശികൾ അതിജീവനത്തിന് വേണ്ടി സംസാരിക്കുമ്പോൾ അത് എല്ലാവിധ അധിനിവേശങ്ങളും അവസാനിക്കുമെന്ന സമയസൂചനയുടെ സൈറണായി മാറുന്നു. ■

2013 ജൂൺ 29ന് തൃശൂർ കളക്ട്രേറ്റിൽ നടന്ന സർവ്വകക്ഷിയോഗത്തിലാണ് എൻ.ജി.ഐ.എൽ കമ്പനിയിൽ നിന്നും മാലിന്യസാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കാൻ വിദഗ്ധസമിതിയെ നിയോഗിച്ചത്

# വിദഗ്ധ സമിതി റിപ്പോർട്ട്

**തൃശൂർ** ജില്ലാ കളക്റ്ററുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ച വിദഗ്ദ്ധ സമിതി (order no: C3-18638/10 d-a-te-d 9/07/2013) 2013 ജൂലായ് 16ന് ജില്ലാ കളക്റ്ററുടെ ചേംബറിൽ യോഗം ചേരുകയുണ്ടായി. വിശദമായ ചർച്ചകൾക്ക് ശേഷം സമിതി എൻ.ജി.ഐ.എൽ കമ്പനിയിൽ നിന്നും പരിസര പ്രദേശങ്ങളിൽ നിന്നും താഴെപ്പറയുന്ന സാമ്പിളുകൾ ശേഖരിക്കാൻ തിരുമാനിക്കുകയും ചെയ്തു. 1) കമ്പനിയുടെ മലിനജല ടാങ്ക്. 2) സംഭരണ ടാങ്കുകളിൽ നിന്നും പുറത്തേക്ക് ഒഴുകുന്ന ജലം. 3) കമ്പനിയിൽ നിന്നും നദിയിലേക്ക് ഒഴുക്കി വിടുന്ന ജലം. 4) ഉണങ്ങിയ ഖര മാലിന്യങ്ങൾ. 5) കമ്പനിക്ക് ചുറ്റുപാടുമുള്ള കിണർ ജലം. 6) കമ്പനി പറത്തു തള്ളുന്ന ജലം കലരുന്നതിനു മുമ്പും ശേഷവും ഉള്ള നദീജലം.

സമിതി രണ്ടു മണിയോടുകൂടി കമ്പനി പരിസരത്ത് എത്തുകയും ജില്ലാ കലക്റ്ററുടെയും അസ്സിസ്റ്റൻറ് ജില്ലാ കലക്റ്ററുടെയും സാന്നിദ്ധ്യത്തിൽ താഴെ കൊടുത്ത സാമ്പിളുകൾ ശേഖരിക്കുകയും ചെയ്തു.
1) കമ്പനിയിൽ നിന്നും പുറത്ത് വിടുന്ന മലിനജലം. 2) മലിന ജലം താൽക്കാലികമായി ശേഖരിക്കുന്ന രണ്ടു മലിനജല സംഭരണികളിൽ (delay ponds) നിന്നുള്ള സാമ്പിളുകൾ. 3) പുഴയിലേക്ക് ഒഴുക്കി വിടുന്ന ജലം. 4) ഖര മാലിന്യങ്ങൾ. 5) കമ്പനി പരിസരത്തെ കിണർ ജലം. 6) കമ്പനി പരിസരത്തെ മണ്ണ്. 7) കമ്പനിയോട് ചേർന്ന് തെക്കുവശത്തുള്ള ഓടയിലെ ജലം

പരിസരപ്രദേശങ്ങളിൽ നിന്നുള്ള കിണർ ജലവും ചാലക്കുടി പുഴയിലെ ജലവും ശേഖരിക്കുന്നത് കടുത്ത മഴകാരണം സാധ്യമായിരുന്നില്ല. ശേഖരിച്ച സാമ്പിളുകൾ കേരള മലിനീകരണ നിയന്ത്രണ ബോർഡ്, കേന്ദ്ര ജല വിഭവ വികസന മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (CWRDM), കേരള കാർഷിക സർവ്വക